13 എണ്ണവും ഒരേ സമയം നിർത്താൻ തീരുമാനിച്ചു. പ്രാദേശിക വികാരത്തിന്റെ പ്രശ്നം പഠിച്ചുകൊണ്ട് അവ 1996-ൽ നിർത്തലാക്കി. വീണ്ടും കുറച്ചു കുട്ടികളെക്കൂടി വേണ്ടിവരും. പോസ്റ്റ് വരാം, അങ്ങനെ തിരുവനന്തപുരം, കോട്ടയം, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ നാലെണ്ണം ആരംഭിച്ചു. മൂന്നും നാലും ജില്ലകളുടെ സൗകര്യം വച്ചാണ് ചെയ്തത്. ആ നാലും തീരുമാനിച്ചപ്പോൾ 45 സീറ്റ് കണ്ണൂരും 5 സീറ്റ് കാസർഗോഡും റിസർവ് ചെയ്തു. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയാണ് തിരുവനന്തപുരത്തെ ട്രെയിനിംഗ് സ്കൂൾ. തിരുവനന്തപുരത്ത് രണ്ട് സീറ്റ് കാസർഗോഡുകാർക്ക് റിസർവ് ചെയ്തിട്ടുണ്ട്. ഈ നാലെണ്ണം ഇപ്പോൾ തുടങ്ങാൻ പോവുകയാണ്. പരിശീലനം കൊടുത്താൽ ജോലി കൊടുക്കണം. കാരണം ഇവർക്ക് ഗവണ്മെന്റ് പോസ്റ്റുകൾ ഒഴിച്ച് മറ്റ് പോസ്റ്റുകൾ ഇല്ല. ജൂനിയർ ഹെൽത്ത് നഴ്സാണ്. സ്റ്റാഫ് നഴ്സാണെങ്കിൽ സ്വകാര്യമേഖലയിൽ പോകാം. സ്വകാര്യ മേഖലയിൽ പോകാൻ കഴിയാത്ത ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സായതുകൊണ്ടാണ് ഗവണ്മെന്റ് ഇവർക്കു ജോലി കൊടുക്കുന്നത് നിർത്തിവച്ചത്. ഇനി കുട്ടികൾക്ക് ജോലി കൊടുക്കേണ്ട സ്ഥിതി ഉണ്ടാക്കാൻ പറ്റുമ്പോൾ ഒന്നു തുടങ്ങും. അപ്പോൾ കാസർഗോഡിന് പ്രാതിനിധ്യം നിലനിർത്തിയിട്ടുണ്ട്. അതുകൊണ്ട് കാസർഗോഡിന് അവഗണനയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതും ഇതുമായി യാതൊരു ബന്ധവുമില്ല. ഞാൻ പൂർണ്ണമായും നിഷേധിക്കുന്നു. ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സിംഗ് സ്കൂൾ 13 എണ്ണത്തിൽ 4 എണ്ണം തുടങ്ങുമ്പോൾ മലബാർ ഭാഗത്ത് തുടങ്ങിയത് കണ്ണൂരായി, കാരണം അപ്പുറവും, ഇപ്പുറവും ഒക്കെ ജില്ലകൾ ഉണ്ട്. അതിനപ്പുറം ഒരു പ്രത്യേകതയും ഇല്ല.

(9) ഗുരുവായൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പുന്നയൂർ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ പുന്നയൂർ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1998 നവംബർ മാസം 7-ാം തീയതി ഉണ്ടായ ഓക്സിജൻ സിലിണ്ടർ സ്ഫോടനത്തെത്തുടർന്ന് കെട്ടിടം, ബെഡ്ഡുകൾ, ഫ്രിഡ്ജ് തുടങ്ങിയവ പാടെ നശിക്കുകയും ഏകദേശം 8 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തു. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന ചികിത്സാ കേന്ദ്രമായിരുന്ന ഈ ആരോഗ്യ കേന്ദ്രത്തിന്റെ സേവനം ദിവസേന 100, 150 രോഗികളാണ് ഉപയോഗപ്പെടുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തിനു മാത്രമായി ഈ ആരോഗ്യകേന്ദ്രം പുനരുദ്ധരിച്ച് പ്രവർത്തനയോഗ്യമാക്കുന്നതിന് സാമ്പത്തിക പരാധീനതമൂലം കഴിയാത്ത സാഹചര്യമാണുള്ളത്. ഇത് പല പ്രാവശ്യം മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ അവിടെ വിസിറ്റ് ചെയ്തിട്ടുണ്ട്. ഉടനെ തന്നെ ഈ കെട്ടിടം പുനർനിർമ്മിക്കുന്നതിനുള്ള സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) : സർ, 1998-ൽ ഒരു സ്ഫോടനത്തെത്തുടർന്നാണ് ഈ കെട്ടിടം തകരാറിലായത്. തുടർന്നുതന്നെ വാടകയ്ക്ക് ഒരു കെട്ടിടം ലഭ്യമാക്കി ഈ ആശുപത്രിയുടെ പ്രവർത്തനം തുടങ്ങി. ഈ പൊളിച്ച കെട്ടിടത്തിനുപകരം മറ്റൊരു കെട്ടിടം ഉണ്ടാക്കുന്നതിന് 11 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും കൊടുക്കേണ്ടത് അവിടത്തെ ഗ്രാമപഞ്ചായത്താണ്. പക്ഷെ അവർക്ക് സാമ്പത്തികസഹായം കൊടുക്കാതെ അവരുടെ ബഡ്ജറ്റ് കൊണ്ടോ, പ്ലാൻ ഫണ്ടുകൊണ്ടോ ഇത്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തീകരിക്കാൻ കഴിയില്ല. ഇപ്പോൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടത്തിന്റെ പണി നടക്കുന്നുണ്ട്. ആ കെട്ടിടത്തിനു പുറമെ ഒരു പുതിയ കെട്ടിടവുംകൂടി വേണം. ഇതിനുവേണ്ടി 5 ലക്ഷം രൂപയെങ്കിലും സാമ്പത്തികസഹായം നൽകാനുള്ള നിർദ്ദേശം ആരോഗ്യവകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ അവസാന തീരുമാനം എടുക്കേണ്ടതാണ്. തീർച്ചയായും അനുകൂല തീരുമാനം എടുക്കും എന്ന് പ്രതീക്ഷിക്കുന്നു.

(10) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.സി. വേണുഗോപാൽ : സർ, ഈ സഭയിൽ നാലാമത് തവണയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1996-ൽ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രഖ്യാപിച്ചതാണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമെന്നും ആലപ്പുഴയിൽ എലിപ്പനി വന്ന് നൂറ് കണക്കിനാളുകൾ മരിച്ച സംഭവം ഉണ്ടാകുകയും പിന്നീട് കോളറ അടക്കമുള്ള സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുകയും ചെയ്ത ഒരു പ്രദേശമാണിതെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുകൊണ്ട് ആലപ്പുഴയിൽ 'പുനാമോഡൽ' വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം എന്നുള്ള തീരുമാനമാണ് സർക്കാർ എടുത്തത്. ഈ ഗവണ്മെന്റ് വന്നതിനുശേഷം അതിനുള്ള ശ്രമങ്ങൾ തുടങ്ങി. പക്ഷെ മൂന്നു വർഷം കഴിഞ്ഞിട്ടും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ആലപ്പുഴ കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടാണ് അന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചിരുന്നത്. അത് നടപ്പിലാക്കുന്നതിനുപകരം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിൽ വെള്ളം ചേർത്തുകൊണ്ടുള്ള സമീപനമാണ് ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉള്ളതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് നിർദ്ദിഷ്ട പുനാമോഡൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴയിൽ പ്രവർത്തിപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ പാടില്ല. അടിയന്തിരമായി അതു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) : സർ, പുനാമോഡൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഖ്യാപനം '96-ൽ ഉണ്ടായെങ്കിലും അതിന്റെ പ്രോജക്ട് റിപ്പോർട്ടും മറ്റു കാര്യങ്ങളും ഉണ്ടായിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വെല്ലൂരിലെ ഒരു എക്സ്പെർട്ട് ഡോക്ടറെ ഏൽപ്പിക്കേണ്ടി വന്നു. 1997-98 ലെ വെബ്സെറ്റിൽ 10 ലക്ഷം രൂപയും 1998-99-ൽ 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആ സംഖ്യ ഉപയോഗിച്ച് ഓരോ സാധനങ്ങൾ വാങ്ങിക്കൊണ്ടിരുന്നു. 1999-2000-ത്തിൽ വീണ്ടും 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന് 16 ലക്ഷത്തോളം രൂപ വേണം. ഓരോ വർഷവും ചെറിയ സംഖ്യയേ നീക്കിവയ്ക്കാൻ കഴിയുന്നുള്ളു. ഏതായാലും ഇപ്പോൾ അത് പ്രവർത്തനം തുടങ്ങാമെന്ന നിലയിലായിട്ടുണ്ട്.

കേന്ദ്ര ഗവണ്മെന്റ് രാജ്യത്തെ 100 ജില്ലകളിൽ ഡിസീസ് സർവൈലൻസ് പദ്ധതി ആരംഭിക്കുകയുണ്ടായി. ഇതിൽ കേരളത്തിലെ അഞ്ചു ജില്ലകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി 33.75 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഈ പണവും കൂടിയെടുത്ത് ഈ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനോടൊപ്പം ഡിസീസ് സർവൈലൻസ് സംവിധാനവും കൂടി ഏർപ്പെടുത്തിക്കൊണ്ട് സംയുക്തമായി ആലപ്പുഴ കേന്ദ്രീകരിച്ച് തുടങ്ങിയാൽ കേന്ദ്രഗവണ്മെന്റിന്റെ സഹായം കിട്ടും എന്നുള്ളതുകൊണ്ടാണ് പുനാമോഡൽ വൈറോളജി ഇൻസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly